**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 521 30.06.2016 -ന് മറുപടിയ്ക്ക്

**പിന്നോക്കക്ഷേമ പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. എ.കെ. ബാലൻ** (പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി) | |
| എ) | പിന്നോക്ക സമുദായത്തിൽപ്പെട്ട പാവപ്പെട്ടവരുടെ ഉന്നമനം ലക്ഷ്യമിട്ട് പുതിയ പദ്ധതികളെന്തെങ്കിലും ആവിഷ്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖാന്തിരം വിവിധ മേഖലകളിൽ 320 കോടി രൂപയുടെ വായ്പാ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| ബി) | പിന്നോക്ക വിഭാഗങ്ങളുടെ തൊഴിലില്ലായ്മ, ഉന്നതവിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം തുടങ്ങിയവയ്ക്കുള്ള അവസരങ്ങളുടെ കുറവ് എന്നിവ കണക്കിലെടുത്ത് കൂടുതൽ പദ്ധതികൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) | പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, പിന്നോക്ക വിഭാഗങ്ങളുടെ തൊഴിലില്ലായ്മ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ എന്നിവ കണക്കിലെടുത്ത് പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. |
| സി) | എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ ? | സി) | i. അഭ്യസ്ത വിദ്യരായ യുവജനങ്ങൾക്കു വേണ്ടിയുള്ള സ്വയം തൊഴിൽ പദ്ധതികൾ.<br>ii. പരമ്പരാഗത മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് ആധുനികവത്ക്കരണത്തിനായുള്ള പദ്ധതികൾ.<br>iii. തൊഴിൽ നൈപുണ്യ പരിശീലന പദ്ധതി എന്നിവയാണ് പരിഗണനയിലുള്ളത്. |

**സെക്ഷൻ ഓഫീസർ**